# ഒമാൻ ഉന്നതതല സംഘം അസ്മാബി കോളജിലെത്തി



ഒമാൻ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ് ഉന്നതതല സംഘം എംഇഎസ് അസ്മാബി കോളജ് അധികൃതരുമായി ഗവേഷണ മേഖലയിലെ സഹകരണത്തിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നു.

**വെമ്പല്ലൂർ:** ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിജ്ഞാന കൈമാറ്റത്തിന്റേയും, ഗവേഷണ മേഖലയിലെ സഹകരണത്തിന്റേയും സാധ്യതകൾ വിലയിരുത്തുന്നതിനും, ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുമായി ഒമാൻ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ് ഉന്നതതല സംഘം എംഇഎസ് അസ്മാബി കോളജിൽ സന്ദർശനം നടത്തി.

യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സയിദ് ഹമീദ് സൈദ് അൽ-റബായ്, ഡയറക്ടർ ഡോ. മുഹമ്മദ് മുബാറക് മുഹമ്മദ് അൽ-അറൈമി എന്നിവർ അടങ്ങുന്ന സംഘത്തെ എംഇഎസ് ജനറൽസെക്രട്ടറി കെ.കെ. കുഞ്ഞുമൊയ്തീൻ, കോളജ് ചെയർമാൻ ആസ്പിൻ അഷ്റഫ്, സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് അഡ്വ. നവാസ് കാട്ടകത്ത്, ട്രഷറർ കെ.എം. മുഷ്താഖ് ,കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. എ. ബിജു, വൈസ് പ്രിൻസിപ്പൽ ഡോ.റീന മുഹമ്മദ്, കോളജ് സുപ്രണ്ട് സദരുദ്ദീൻ എന്നിവർ ചേർന്ന് സ്വീകരിച്ചു. തുടർന്ന് ഗവേഷണ മേഖലയിലെ പരസ്പര സഹകരണം സംബന്ധിച്ച് നടന്ന ചർച്ചയിൽ ഡോ. കെ. കേശവൻ, ഡോ. അമിതാബച്ചൻ, ഡോ. കെ.പി. സുമേധൻ, ഡോ. പി.ടി. ബഷീർ തുടങ്ങിയവർ സംബന്ധിച്ചു. ചടങ്ങിൽ സംസാരിച്ച ഒമാൻ യുണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സയിദ് ഹമീദ് സൈദ് അൽ-റബായ് പുരാതന കാലം മുതൽ കേരളവുമായി തന്റെ രാജ്യത്തിനുള്ള അടുപ്പം വ്യക്തമാക്കി. കാലാവസ്ഥാവ്യതിയാനം, അപ്ലൈഡ് എക്കണോമിക്സ്, ടൂറിസം, അക്വാകൾച്ചർ, നാനോ ടെക്നോളജി തുടങ്ങിയ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എംഇഎസ് ഒമാൻ യുണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുമായി ചേർന്ന് സംഘടിപ്പിക്കാൻ പോകുന്നത്.